**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3174** **13-07-2022 - ൽ മറുപടിയ്ക്ക്**

**സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ വി ശിവന്‍കുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അടുത്ത അദ്ധ്യയന വർഷം സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | പാഠ്യപദ്ധതിയിൽ കാലാനുസൃതമായ മാറ്റം അനിവാര്യമായതിനാൽ സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്ക്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | അടുത്ത അദ്ധ്യയന വർഷം പുതിയ പാഠ്യപദ്ധതി നടപ്പിലാക്കുന്നതിനായി ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | അടുത്ത അദ്ധ്യയന വർഷം (2023-24) പുതിയ പാഠ്യപദ്ധതി നടപ്പിലാക്കാൻ കഴിയില്ല. 2024-25 അദ്ധ്യയന വർഷം ഒന്നാം ഘട്ടം പാഠപുസ്തകങ്ങൾ പുറത്തിറക്കാനാണ് ഉദ്ദേശിക്കുന്നത്. ആയതിലേക്കുള്ള പ്രവർത്തനങ്ങൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. പാഠ്യപദ്ധതി പരിഷ്ക്കരണത്തിന് നേതൃത്വം നൽകുന്നതിന് എസ്.സി.ഇ.ആർ.ടി യെ ചുമതലപ്പെടുത്തുകയും കരിക്കുലം കോർ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനതല ആശയ രൂപീകരണ ശിൽപ്പശാലയും സംഘടിപ്പിച്ചു. 25 ഫോക്കസ് മേഖലകളെ ടിസ്ഥാനപ്പെട്ടുത്തിയുള്ള ഫോക്കസ് ഗ്രൂപ്പ് രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനം തയ്യാറാക്കുന്ന പാഠ്യപദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണോ; എങ്കിൽ എന്നത്തേക്ക് സമർപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ദേശീയ വിദ്യാഭ്യാസ നയം 2020 ന്റെ അടിസ്ഥാനത്തിൽ എല്ലാ സംസ്ഥാനങ്ങളും പാഠ്യപദ്ധതി പരിഷ്ക്കരണത്തിലേക്ക് കടക്കുകയാണ്. ദേശീയ വിദ്യാഭ്യാസ നയം മുന്നോട്ട് വയ്ക്കുന്ന പ്രതിലോമകരമായ ആശയങ്ങളെ ഒഴിവാക്കിയും ഗുണകരമായ ആശയങ്ങളെ സ്വീകരിച്ചും കേരളം നാളിതുവരെ പൊതു വിദ്യാഭ്യാസ മേഖലയിൽ കൈവരിച്ച നേട്ടങ്ങൾക്ക് കൂടുതൽ കരുത്ത് പകരുന്നതിനുള്ള ആശയങ്ങൾ കൂട്ടിച്ചേർത്തും േരളത്തിന്റെ തനത് പാഠ്യപദ്ധതി രൂപീകരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. വരുന്ന രണ്ട് വർഷം കൊണ്ട് പാഠ്യപദ്ധതി പരിഷ്കരണം പൂർത്തിയാക്കുന്ന തരത്തിലാണ് നടപടികൾ സ്വീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ